# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 141/2025** **തിരുവനന്തപുരം, തീയതി: 28.06.2025**

# പത്രക്കുറിപ്പ്

## കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം - 2025 സ്പോർട്സ് ക്വാട്ട സീറ്റുകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു കോളേജിൽ ഹാജരാകേണ്ട തീയതി 2025 ജൂൺ 30 ന് 12 മണിയ്ക്ക്

കേരളസർവകലാശാല ഒന്നാം വർഷ ബിരുദ പ്രവേശനം സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ ലോഗിൻ ചെയ്ത് സ്പോർട്സ് ക്വാട്ട എന്ന ടാബ് ഉപയോഗിച്ച് റാങ്ക് ലിസ്റ്റ് പരിശോധിക്കാവുന്നതാണ്. പ്രവേശനം ആഗ്രഹിക്കുന്ന സ്പോർട്സ് ക്വാട്ട റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ 2025 ജൂൺ 30 ന് 12 മണിക്ക് മുൻപായി എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം അതാത് കോളേജുകളിൽ ഹാജരാകേണ്ടതാണ്. എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് കൗൺസിലിങ് നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് കൗൺസിലിങ്ങിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/ പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. രക്ഷകർത്താവ്/പ്രതിനിധി യാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, വിദ്യാർത്ഥി ഒപ്പിട്ട authorization letter, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവ ഹാജരാക്കണം. വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് https://admissions.keralauniversity.ac.in/fyugp2025 സന്ദർശിക്കുക. ഹെൽപ് ലൈൻ നമ്പർ: 8281883052.

## പരീക്ഷാഫലം

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എംഎസ്‍സി മാത്തമാറ്റിക്സ് (മേഴ്സിചാൻസ്) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2025 ജൂലൈ 07 വരെ **exams.keralauniversity.ac.in** മുഖേന ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (**www.keralauniversity.ac.in**).

## പിഎച്ച്.ഡി. കോഴ്സ് വർക്ക് പരീക്ഷാഫലം

കേരളസർവകലാശാല 2025 മാർച്ചിൽ നടത്തിയ പിഎച്ച്.ഡി കോഴ്സ് വർക്ക് (ഡിസംബർ 2024 സെഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

## പിഎച്ച്.ഡി. രജിസ്ട്രേഷൻ ജൂലായ് 2025 സെഷൻ - ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയുടെ ജൂലായ് 2025 സെഷൻ പിഎച്ച്.ഡി. രജിസ്ട്രേഷന് ഒഴിവുകളുള്ള വിഷയങ്ങളിൽ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്നു. 2025 ജൂലായ് 01 മുതൽ 15 വരെ വൈകുന്നേരം 5.00 മണി വരെ സർവകലാശാലയുടെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ (www.research.keralauniversity.ac.in) അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. കൂടാതെ റിസർച്ച് പോർട്ടൽ വെബ്സൈറ്റിൽ നിലവിൽ പ്രൊഫൈൽ തയ്യാറാക്കാത്തവർക്ക് അതിനുള്ള ലിങ്ക് ഓപ്പൺ ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾക്ക് റിസർച്ച് പോർട്ടൽ വെബ്സൈറ്റ് സന്ദർശിക്കുക. യൂണിവേഴ്സിറ്റി ടീച്ചിംഗ് ഡിപ്പാർട്ട്മെന്റുകൾ ഇല്ലാത്ത വിഷയങ്ങളിൽ അപേക്ഷിച്ചവർ ഓൺലൈൻ അപേക്ഷയുടെ പകർപ്പും അനുബന്ധരേഖകളും 2025 ജൂലൈ 16 ന് വൈകുന്നേരം 5 മണിക്ക് മുൻപായി സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

## ബിഎ – പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2025 ജൂലൈ 2 ന് ആരംഭിക്കുന്ന ബിഎ ഒന്നും രണ്ടും വർഷ പാർട്ട് I, പാർട്ട് II (ആന്വൽ സ്കീം) പരീക്ഷകൾക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, യുഐടി ഇട്ടിവ എന്നിവ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ തോന്നയ്ക്കൽ എ.ജെ. കോളേജ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയിലും യുഐടി കാഞ്ഞിരംകുളം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ ധനുവച്ചപുരം വി.ടി.എം.എൻ.എസ്.എസ്. കോളേജിലും യുഐടി പള്ളിക്കൽ, കിളിമാനൂർ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ കല്ലമ്പലം കെ.ടി.സി.ടി. ആർട്സ് ആന്റ് സയൻസ് കോളേജിലും യുഐടി മണ്ണടി, പത്തനംതിട്ട പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ യുഐടി കൊട്ടാരക്കരയിലും പി.എം.എസ്.എ. പൂക്കോയ തങ്ങൾ മെമ്മോറിയൽ കോളേജ്, കടയ്ക്കൽ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾ നിലമേൽ എൻഎസ്എസ് കോളേജിലും പരീക്ഷ എഴുതേണ്ടതാണ്.

## ബികോം – പുതുക്കിയ പരീക്ഷാകേന്ദ്രം

കേരളസർവകലാശാല 2025 ജൂലൈ 2 ന് ആരംഭിക്കുന്ന ബികോം ആന്വൽ പാർട്ട് I & II പരീക്ഷകൾക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ബിഷപ് യേശുദാസൻ സി.എസ്.ഐ. ആർട്സ് ആന്റ് സയൻസ് കോളേജ് മുളയറയിലും യു.ഐ.ടി. മണ്ണടി വേലുത്തമ്പി മെമ്മോറിയൽ യുപിഎസ് കോളേജ് പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ യു.ഐ.ടി അടൂരിലും എം.ജി.എം. കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് കഠിനംകുളം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഗവൺമെന്റ് കോളേജ് കാര്യവട്ടത്തും യു.ഐ.ടി കാഞ്ഞിരംകുളം പരീക്ഷാകേന്ദ്രമായി അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ കെ.എൻ.എം. ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് കാഞ്ഞിരംകുളത്തും പരീക്ഷ എഴുതേണ്ടതാണ്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |